**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **02-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങളുടെ നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രഷറി സേവനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായോ; ഏതൊക്കെ സേവനങ്ങൾക്കാണ് നിലവിൽ നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്; | (എ) | ട്രഷറി സേവനങ്ങളുടെ നികുതിയിതര ഇനങ്ങളുടെ നിരക്കുകൾ സ.ഉ.(സാധാ) നം.8598/2022/ധന തീയതി 19/12/2022 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രഷറി സേവനങ്ങൾക്ക് പുറമെ മറ്റേതെല്ലാം സർക്കാർ സേവനങ്ങളുടെ നിരക്കുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; | (ബി) | ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ നിന്ന് ലഭിച്ച ശുപാർശകൾ പരിശോധിക്കുകയും നിരക്ക് വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് - സർവ്വേ ചാർജ്ജുകൾ<br><br>ഫാക്ടറീസ് ബോയിലേഴ്സ് വകുപ്പിന് കീഴിലുള്ള, കേരളാ ഫാക്ടറീസ് റൂൾസ്, 1957 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)<br><br>കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)<br><br>തടി വ്യാപാരവുമായി ബന്ധപ്പെട്ട നിരക്കുകൾ (വനം വകുപ്പ്)<br><br>പോലീസ് വകുപ്പ് നല്കുന്ന സേവനങ്ങളുടെ നിരക്ക്<br><br>ഫയർ & റെസ്ക്യൂ വകുപ്പ് നൽകുന്ന സേവനങ്ങളുടെ നിരക്ക്. |
| (സി) | ഇവയിൽ ഏതൊക്കെ ഇനങ്ങളുടെ നികുതിയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; ഓരോ ഇനത്തിനും വരുത്തിയിട്ടുള്ള വർദ്ധനവ് എത്ര വീതം ആണെന്ന് അറിയിക്കുമോ; | (സി) | ഓരോ ഇനത്തിനും കുറഞ്ഞത് 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ഡി) | പുതുതായി മറ്റേതെല്ലാം ഇനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | അധിക വിഭവ സമാഹരണവുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ശുപാർശകൾ ലഭിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് സേവന നിരക്കുകൾ |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | ഇത്തരത്തിലുള്ള വർദ്ധനവുകളിലൂടെ നാളിതുവരെ സമാഹരിച്ച അധിക തുക എത്രയാണെന്ന് അറിയിക്കുമോ; സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി ഇപ്രകാരമുള്ള വർദ്ധനവുകളിലൂടെ മറികടക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഇപ്രകാരമുള്ള വർദ്ധനവിന്റെ ഫലങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. നികുതിയേതര ഇനങ്ങളിലുള്ള നിരക്ക് വർദ്ധനവ് സംസ്ഥാനത്തിന്റെ വിഭവലഭ്യതയിൽ കുറച്ച് മാറ്റങ്ങൾ ഉണ്ടാക്കും. |

സെക്ഷൻ ഓഫീസർ